ജല്‍ ജീവന്‍ മിഷന്‍
കേന്ദ്ര ജലശക്തി മന്ത്രാലയം

കേരള സര്‍ക്കാര്‍

കേരള വാട്ടര്‍ അതോറിറ്റി

ജലനിധി
കെ. ആര്‍. ഡബ്ല്യു. എസ്.എ

Har Ghar Jal
Jal Jeevan Mission

# ജല്‍ ജീവന്‍ മിഷന്‍

## GRAMA PANCHAYAT LEVEL SCHOOL COMPETITION - SUBJECT - WATER

(ഗ്രാമപഞ്ചായത്ത് തലത്തില്‍ സ്കൂള്‍, കുട്ടികള്‍ക്കായി നടത്തിയ മത്സരം-വിഷയം - ജലം)




## ചിറയിന്‍കീഴ് ഗ്രാമപഞ്ചായത്ത്
## തിരുവനന്തപുരം

**Implementation Support Agency (ISA)**
**Entrepreneurship Development Society (EDS)**

# ഉള്ളടക്കം


1. ആമുഖം - 2
2. ജൽ ജീവൻ മിഷൻ  ലക്ഷ്യങ്ങൾ - 3
3. പ്രോഗ്രാം ഉള്ളടക്കം - 4
4. കുട്ടികൾക്കായുള്ള മത്സര പരിപാടികൾ 5
   a. ക്വിസ് മത്സരം - 5
   b. ഉപന്യാസ രചന മത്സരം - 6
   c. കഥ-കവിത രചന മത്സരം - 9
   d. ചിത്രരചന മത്സരം - 13
5. സമ്മാനവിതരണം - 15
6. ബാനർ - 18
7. ഉപസംഹാരം - 19

# ആമുഖം

2024 നു മുന്നേ രാജ്യത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലേക്കും ശുദ്ധീകരിച്ച കുടിവെള്ളം പൈപ്പിലൂടെ എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആണ് ജൽ ജീവൻ മിഷൻ എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്.അതിനായി രൂപിക്കാരിക്കപ്പെട്ട ഈ പദ്ധതി മെച്ചപ്പെട്ട രീതിയിൽ രാജ്യത്തെമ്പാടും ശുദ്ധീകരിച്ച കുടിവെള്ളം പൈപ്പിലൂടെ എത്തിച്ചു വരുന്നു .കേരളവും വളരെ അധികം വേഗതയിൽ കുടിവെള്ളം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ശ്രമത്തിൽ ആണ്

കുടിവെള്ളം ജനങ്ങളിൽ എത്തിക്കുന്നത് പോലെ തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് ജലം പാഴാക്കാതിരിക്കാനുള്ള മുൻകരുതൽ നാം ഏറ്റെടുക്കേണ്ടതും. അത് വരും തലമുറയിലൂടെ പ്രവർത്തികമാക്കി എടുക്കുന്നതിന് വേണ്ടി കുട്ടികളെ പ്രാപ്തരക്കാൻ വിവിധ പരിപാടികൾ നിരവാഹണ സഹായ ഏജെൻസിയുടെ പ്രവാര്ത്തനങ്ങളിൽ ഉലപ്പെടുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് സ്കൂൾ കുട്ടികൾക്കു അവരുടെ കലാ അഭിരുചിക്ക് അനുസരിച്ച് സ്കൂൾകളിൽ ജലം എന്ന ആശയം വരുന്ന രീതിയിൽ കിസ്, ചിത്ര രചന, ഉപന്യാസ രചന , കഥ കവിത രചന മൽസരം എന്നിവ സംഘടിപ്പിക്കുന്നത്

ജൽ ജീവൻ മിഷൻ സാമൂഹിക ശാക്തീകരണ പരിപാടി കൂടെ ആയതിനാൽ ഗ്രാമങ്ങളിലെ ജല വിതരണ സംവിധാനങ്ങളുടെ ആസൂത്രണം, നടപ്പിലാക്കൽ, പ്രവർത്തനം , പരിപാലനം, എന്നിവയിൽ പ്രാദേശിക ഗ്രാമസമൂഹം, ഗ്രാമപഞ്ചായത്തുകൾ, അല്ലങ്കിൽ ഉപഭോക്തൃ ഗ്രൂപ്പുകൾ എന്നിവർ പ്രധാന പങ്ക് വഹിക്കുന്നുണ്ട് . എല്ലാ ജനവിഭാഗങ്ങളെയും അണി നിരത്തി ഐ ഈ സി പ്രവാർത്തനങ്ങൾ ഏറ്റെടുക്കാൻ സംസ്ഥാനങ്ങളോട് കേന്ദ്രം നിർദ്ദേശിച്ചത്ഓരോ വീടുകൾക്കും ജല വിതരണം സാർവത്രികമായി ലഭ്യമാക്കുകയും അത് പാഴാക്കാതിരിക്കുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തതോടെ അതിവേഗം പൂർത്തീകരിച്ച് വരുന്നു .

# ജൽ ജീവൻ മിഷൻ  ലക്ഷ്യങ്ങൾ

വികസിത രാജ്യങ്ങൾക്ക് ഒപ്പം എത്താൻ ശ്രമിക്കുന്ന നമ്മുടെ രാജ്യത്തെ പിന്നേക്കു വലിക്കുന്ന പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് ജല സാക്ഷരത ഇല്ലാത്തതാണ് മാത്രമല്ല 2019 മുതൽ കോവിട് എന്ന മഹാമാരി നമ്മുടെ ദൈനംദിന ജീവിത രീതിയെ മാറ്റി എടുത്ത വലിയ വിപത്ത് ആയിരുന്നു. കോവിട് പൊട്ടിപുറപ്പെട്ട ശേഷം കണക്കുകൾ സൂചിപ്പിക്കുന്നത് മനുഷ്യർ വെള്ളത്തിന്റെ ഉപയോഗം 40 ശതമാനം കൂടി എന്നാണ്.

ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന വലിയൊരു പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിർവഹണ സഹായ ഏജൻസി യുടെ പ്രധാന ഉത്തരവാദിത്തം ജനങ്ങൾക്കു ഉള്ള തെറ്റിദ്ധാരണകൾ മാറ്റുകയും അവരുടെ സമീപനത്തിൽ മാറ്റം വരുത്തി ജലത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവന്മർ ആക്കി മറ്റേണ്ടതും അത്യാവശ്യം ആണ് . വരും തലമുറ ആണ് നമ്മുടെ സമ്പത്ത് അതുകൊണ്ട് തന്നെ സ്കൂൾ കുട്ടികൾക്കു അവരുടെ കലാ വാസന പരിപോഷിപ്പിക്കുന്നതിനായ് ജലം എന്ന വിഷയത്തെ ആസ്പതമാക്കി പൂതക്കുളം പഞ്ചായത്തിലെ വിവിധ സ്കൂൾകളിൽ വിവിധ മൽസരങ്ങൾ സംഘടിപ്പിക്കുന്നത്. ഇതിലൂടെ കുട്ടികൾക്കു അവരുടേതായ ആശയങ്ങൾ പങ്ക് വയ്ക്കാനും മാത്രമല്ല അവരുടെ അഭിപ്രായങ്ങളെ കൂടെ ഉൾപ്പെടുത്തി സമ്പൂർണ്ണ കുടിവെള്ളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതോടൊപ്പം നമുക്ക് ജല സംരക്ഷണത്തെ കുറിച്ച് ബോധവന്മാർ ആയിട്ടുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കാനും സാധിക്കും

സ്കൂൾ കുട്ടികൾക്കയി പ്രധാനമായും ക്വിസ്, ഉപന്യാസം, കഥ, കവിത, ചിത്ര രചന എന്നീ മൽസരങ്ങൾ ആണ് സംഘടിപ്പിച്ചത്. ഇത്തരം മൽസരങ്ങൾ നടത്തുന്നതിലൂടെ കുട്ടികളുടെ ആശയ വിപുലീകരണത്തിനും അവരുടെ നൂതന ആശയങ്ങൾ മൽസര ബുദ്ധിയോടെ കണ്ടു കൊണ്ട് കൂടുതൽ മെച്ചപ്പെടുത്തി എടുക്കാനും സാധിക്കുന്നു . കൂടുതൽ കുട്ടികൾ പരിപാടികളിൽ പങ്കാളി ആകാനും ആശയം കൈമാറാനും സാധിക്കും

# പ്രോഗ്രാം ഉള്ളടക്കം

ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ പൗരൻമാർ. നമ്മുടെ സ്കൂൾ കുട്ടികൾ കലാപരമായും കായികപരമായും വലിയ മുന്നേറ്റം നേടിയവർ ആണ്. മികച്ച വിദ്യാഭ്യാസ ചുറ്റുപാടിലൂടെ വളർന്നുവരുന്ന അവർ നാളെ നാടിന്റെ സമ്പത്ത് ആകേ വരാണ് അവരുമായി സംവദിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുമ്പോൾ അവരുടെ കാഴ്ചപ്പാട് നമുക്ക് മനസിലാക്കാൻ സാധിക്കും. അതിനായാണ് കഥ. കവിത, ഉപന്യാസം, ചിത്ര രചന എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചത്.

“ജലവും ജലസംരക്ഷണവും” എന്ന വിഷയമായിരുന്നു കുട്ടികൾക്ക് നൽകിയത്. അതുമായി ബന്ധപ്പെട്ട് കുട്ടികൾ അവരുടെ ആശയത്തിനനുസരിച്ച് മികച്ച രചനകൾ സൃഷ്ടിച്ചു. ചിത്രരചനയ്ക്ക് നൽകിയ വിഷയം “ജലദുരുപയോഗവും ജലമലിനീകരണവും” ആയിരുന്നു. വിഷയത്തെ ആസ്പദമാക്കി കുട്ടികൾ വളരെ മനോഹരമായ ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തു. ഇതോടൊപ്പം തന്നെ കുട്ടികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിച്ചു.

ഇത്തരം പരിപാടികളുടെ പ്രധാനലക്ഷ്യം പരമാവധി കുട്ടികളിൽ ആശയം എത്തിക്കുക എന്നതു മാത്രമല്ല; മറിച്ച് അവരുടെ നൂതന ആശയങ്ങൾ പരമാവധി ക്രോഡീകരിച്ച് നമ്മുടെ നാടിന് പ്രയോജനം ചെയ്യുന്ന രീതിയ്ക്ക് ഇത്തരം ആശയങ്ങളെ ക്രോഡീകരിച്ച് എടുക്കുക എന്നതും കൂടിയാണ്. കൂടാതെ ഇത്തരത്തിൽ അവരുടെ കലാവാസനകളെ പരിപോഷിപ്പിക്കുവാനും അതുവഴി അവർക്ക് ജൽജീവൻ മിഷനെക്കുറിച്ച് കൂടുതൽ അടുക്കാനും അറിയുവാനും സാധിക്കും.

# കുട്ടികൾക്കായുള്ള മത്സരപരിപാടികൾ

## ക്വിസ് മത്സരം

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ശാർക്കര ഗേൾസ് ഹൈസ്കൂളിൽ വെച്ച് 04.07.2022 രാവിലെ 11 മണിയ്ക്ക് സ്കൂൾ കുട്ടികൾക്കായുള്ള ക്വിസ് മത്സരം സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട വാർഡ് മെമ്പർ ശ്രീ.സുരേഷ് കുമാർ.ജി പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ബഹുമാനപ്പെട്ട സ്കൂൾ എച്ച്.എം ശ്രീമതി.സിന്ധു കുമാരി പരിപാടിയിൽ സ്വാഗതം അർപ്പിച്ചു.

125 കുട്ടികൾ പങ്കെടുത്ത ക്വിസ് മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 ചോദ്യങ്ങളാണ് കുട്ടികൾക്കായി നൽകിയത്. ചോദ്യകർത്താവ് ആയത് ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ നിർവ്വഹണ ഏജൻസി ഇ.ഡി.എസ് ടീം ലീഡർ ശ്രീമതി.ഭാഗ്യലക്ഷ്മി ആയിരുന്നു. ഇത്രയധികം കുട്ടികൾ ക്വിസ് മത്സരത്തിന് താത്പര്യം കാണിക്കുകയും അവസാനം വരെ മികച്ച പ്രകടനം കാഴ്ച വയ്ക്കുകയും ചെയ്തു. നല്ല നിലവാരം ഉള്ള ചോദ്യങ്ങളും ഉത്തരങ്ങളും കൊ ് മെച്ചപ്പെട്ട രീതിയിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കാൻ സാധിച്ചു.

## മത്സര വിജയികൾ

| | | |
|---|---|---|
| 1-ാം സ്ഥാനം | : | മഞ്ജരി മണികണ്ഠൻ |
| 2-ാം സ്ഥാനം | : | ദിയ ദിലീപ് |
| 3-ാം സ്ഥാനം | : | സാന്ദ്ര |

## ഉപന്യാസ രചന മത്സരം

ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ശാർക്കര ഗേൾസ് ഹൈ സ്കൂളിൽ വെച്ച് 04.07.2022 രാവിലെ 11 മണിയ്ക്ക് കുട്ടികൾക്കായി ഉപന്യാസരചന മത്സരം സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട വാർഡ് മെമ്പർ ശ്രീ.സുരേഷ്കുമാർ.ജി ഉദ്ഘാടനം നിർവ്വഹിച്ച പരിപാടിയിൽ സ്കൂൾ എച്ച്.എം ശ്രീമതി.സിന്ധുകുമാരി സ്വാഗതം അർപ്പിച്ചു. ഇ.ഡി.എസ് ടീം ലീഡർ ശ്രീമതി.ഭാഗ്യലക്ഷ്മി, കമ്മ്യൂണിറ്റി ഓർഗനൈസർ ശ്രീമതി.മേഘമോഹൻ എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

"ജലവും ജലസംരക്ഷണവും" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് കുട്ടികൾ ഉപന്യാസ രചനമത്സരത്തിൽ പങ്കെടുത്തത്. മുഴുവൻ കുട്ടികളും അവരുടെ കലാവാസനയ്ക്ക് ഉതകുന്ന രീതിയിൽ മത്സരത്തിൽ പങ്കെടുത്തു. വിവിധ സാമൂഹിക വിഷയങ്ങൾ കൂടെ ഉൾപ്പെടുത്തി മനോഹരമായ ഉപന്യസങ്ങൾ തയ്യാറാക്കി. വളരെ ആസ്വാദനപ്രദവും ആശയസമ്പുഷ്ടവുമായ പല സൃഷ്ടികളും കാണാൻ സാധിച്ചു. അവയിലെ പല നിർദേശങ്ങളും നമുക്ക് പ്രയോജനം ചെയ്യുന്നവ തന്നെയാണെന്ന് കാണാൻ സാധിക്കുന്നു

## ഉപന്യാസ രചന മത്സര വിജയികൾ


| | | |
|---|---|---|
| 1-ാം സ്ഥാനം | : | അനശ്വര |
| 2-ാം സ്ഥാനം | : | മഞ്ജരി മണികഠൻ |
| 3-ാം സ്ഥാനം | : | കൃഷ്ണവേണി |

# ഫോട്ടോസ്






# മിനിട്ട്സ്



30

4/07/2022

Girls High School

competition

1. Sreekha kumari C S HM
2. [illegible] HST
3. [illegible]
4. Bhagyalekshmi A Teamleader, EDS
5. Megha Mohan Community Organizer, EDS

## കഥ-കവിത രചന മത്സരം

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ പിള്ളയാർക്കുളം ഗവഃ യു.പി.സ്കൂളിൽ വെച്ച് 29.06.2022 രാവിലെ 11.00 മണിക്ക് സ്കൂൾ കുട്ടികൾക്കായുള്ള രചനാ മത്സരങ്ങൾ സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട വാർഡ് മെമ്പർ ശ്രീമതി.ഷൈജ ആന്റണി നിർവ്വഹിച്ചു. ബഹുമാനപ്പെട്ട സ്കൂൾ എച്ച്.എം ശ്രീ.ബി.എസ് ഹരിലാൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഇ.ഡി.എസ് ടീം ലീഡർ ശ്രീമതി.ഭാഗ്യലക്ഷ്മി സ്വാഗതവും കമ്മ്യൂണിറ്റി ഓർഗനൈസർ ശ്രീമതി.മേഘ മോഹൻ നന്ദിയും അറിയിച്ചു.

"ജലവും ജലസംരക്ഷണവും എന്ന വിഷയത്തെ ആസ്പദമാക്കിയാണ് കഥാകവിത മത്സരം നടന്നത്. മുഴുവൻ കുട്ടികളും അവരുടെ കലാ വാസനയ്ക്ക് ഉതകുന്ന രീതിയിൽ കഥകളും കവിതകളും രചിച്ചു. വളരെ ആസ്വാദനപ്രദവും ആശയ സമ്പുഷ്ടവുമായ പല സൃഷ്ടികളും കാണാൻ സാധിച്ചു. മനുഷ്യ മനസ്സിന്റെ വിവധ തലങ്ങളിൽ സ്പർശിക്കുന്ന തരത്തിലുള്ള സൃഷ്ടികൾ തീർത്തും അതിശയം ഉളവാക്കുന്നവയായിരുന്നു.

### കഥാ രചന മത്സര വിജയികൾ

| | | |
|---|---|---|
| 1-ാം സ്ഥാനം | : | ആദിത്യ.റ്റി |
| 2-ാം സ്ഥാനം | : | ശിവാനി.എസ്.ജി |
| 3-ാം സ്ഥാനം | : | L.ആദർശ് |

### കവിതാരചന മത്സര വിജയികൾ

| | | |
|---|---|---|
| 1-ാം സ്ഥാനം | : | അദ്വൈത |
| 2-ാം സ്ഥാനം | : | എയ്ഞ്ചൽ |
| 3-ാം സ്ഥാനം | : | ആരണ്യ |

# ഫോട്ടോസ്





സ്കൂൾ എച്ച്.എം ശ്രീ.ബി.എസ് ഹരിലാൽ സ്വാഗതം അർപ്പിക്കുന്നു






ഇ.ഡി.എസ്. ടീം ലീഡർ ശ്രീമതി.ഭാഗ്യലക്ഷ്മി ബോധവത്കരണക്ലാസ്സ് എടുക്കുന്നു

# മിനിട്ട്സ്



31

29/06/2022

[illegible]

1. B.S. Harilal HM.
2. [illegible]. S Junior Hindi Teacher
3. [illegible]. U UPST
4. [illegible] ward member
5. mubeena. y UPST
6. Bhagyalakshmi Teamleader, EDS
7. Megha Mohan Community Organiser, EDS

REDMI NOTE 10S

## ചിത്രരചന മത്സരം

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ പടനിലം ഗവൺമെന്റ് എൽ.പി.സ്കൂളിൽ വെച്ച് 05.07.2022 രാവിലെ 11 മണിയ്ക്ക് കുട്ടികൾക്കായി ചിത്രരചന മത്സരം സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.മുരളി.ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ സ്കൂൾ എച്ച്.എം ശ്രീമതി സുനി.എസ് അദ്ധ്യക്ഷത വഹിച്ചു. ഇ.ഡി.എസ് ടീം ലീഡർ ശ്രീമതി ഭാഗ്യലക്ഷ്മി, കമ്മ്യൂണിറ്റി ഓർഗനൈസർ ശ്രീമതി.മേഘമോഹൻ എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി

'ജലദുരുപയോഗവും ജലമലിനീകരണവും' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ചിത്ര രചന മത്സരം നടന്നത്. മുഴുവൻ കുട്ടികളും അവരുടെ കലാവാസനയ്ക്ക് ഉതകുന്ന രീതിയിൽ മത്സരത്തിൽ പങ്കെടുത്തു. മനുഷ്യ മനസ്സിന്റെ വിവിധ തലങ്ങളിൽ സ്പർശിക്കുന്ന രീതിയിൽ ചിത്രങ്ങൾ വരയ്ക്കുകയു ായി. വളരെ ആസ്വാദനപ്രദവും ആശയ സമ്പുഷ്ടവുമായ പല സൃഷ്ടികളും കാണാൻ സാധിച്ചു.

## ചിത്രരചന മത്സര വിജയികൾ


| | | |
|---|---|---|
| 1-ാം സ്ഥാനം | : | രാജശ്രീ |
| 2-ാം സ്ഥാനം | : | ആദിഷ് |
| 3-ാം സ്ഥാനം | : | അനാമിക |

# ഫോട്ടോസ്






# മിനിട്ട്സ്



32

5/7/2022.

ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം 6-ാം വാർഡിലെ പടനിലം LPS - സ്കൂളിലെ കുട്ടികൾക്ക് ബോധവത്കരണവും കൂടാതെ ചിത്രരചനാ മത്സരവും സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. മുരളി ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ സ്കൂൾ H.M ശ്രീമതി. സുനി ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. EDS ടീം ലീഡർ ഭാഗ്യലക്ഷ്മി, കമ്മ്യൂണിറ്റി ഓർഗനൈസർ മേഘ മോഹൻ എന്നിവർ നേതൃത്വം നൽകി.

1. Suni. S. H.M
2. PREEJA. P. J LPSA.
3. Hakkeema. A LPST
4. Bhagyalekshmi Teamleader, EDS
5. MeghaMohan Community Organizer, EDS.

REDMI NOTE 10S

## സമ്മാനവിതരണം

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ നിർവ്വഹണ സഹായ ഏജൻസി സംഘടിപ്പിച്ച സ്കൂൾ കുട്ടികൾക്കായുള്ള വിവിധ മത്സരങ്ങൾ വിജയിച്ചവർക്കുള്ള സമ്മാന വിതരണം 10.08.2022 രാവിലെ 11 മണിയ്ക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് സംഘടിപ്പിച്ചു. ബഹു.ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.മുരളി പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.എം.അബ്ദുൾ വാഹിദ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ ശ്രീമതി.രേണുക.കെ.മാധവൻ, മറ്റ് വാർഡ് മെമ്പർമാർ, സ്കൂളുകളിൽ നിന്നും എത്തിച്ചേരുന്ന അധ്യാപകർ, സമ്മാനാർഹരായ കുട്ടികൾ, രക്ഷിതാക്കൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

വിജയികളായ മുഴുവൻ കുട്ടികളെയും അനുമോദിച്ച പഞ്ചായത്ത് പ്രസിഡന്റ് കുട്ടികളിലെ ഇത്തരം കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനും വളർത്തി എടുക്കുന്നതിനും ഇത്തരം പരിപാടികൾ സഹായകരമാണെന്ന് അഭിപ്രായപ്പെട്ടു. ഭാവിയിലെ കലാരംഗത്ത് ശോഭനമായ ഭാവി സമ്മാനിക്കാൻ കുട്ടികൾക്ക് സാധിക്കട്ടെ എന്നും ആശംസിച്ച് പ്രസിഡന്റ് കുട്ടികൾക്കുള്ള സമ്മാന വിതരണവും ഉദ്ഘാടനം ചെയ്തു. കഥ, കവിത, ചിത്രരചന, ഉപന്യാസം, ക്വിസ് എന്നീ മത്സര ഇനങ്ങളിൽ വിജയികളായ 15 കുട്ടികൾക്കാണ് സമ്മാനങ്ങൾ വിതരണം ചെയ്തത്.

പഞ്ചായത്ത് ജനപ്രതിനിധികൾ കുട്ടികൾക്ക് ആശംസകൾ അർപ്പിച്ചു. വരും തലമുറയ്ക്ക് മാതൃകയായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കുട്ടികൾക്ക് സാധിക്കട്ടെ എന്നും ആശംസിച്ചു. ജൽ ജീവൻ മിഷൻ നിർവ്വഹണ സഹായ ഏജൻസി ടീം ലീഡർ ശ്രീമതി.ഭാഗ്യലക്ഷ്മി, കമ്മ്യൂണിറ്റി ഓർഗനൈസർ ശ്രീമതി.മേഘ മോഹൻ എന്നിവർ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു.

# ഫോട്ടോസ്



ജൽ ജീവൻ മിഷൻ
SCHOOL COMPETITIONS
REDMI NOTE 10S




REDMI NOTE 10S







ബഹു.പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.മുരളി സമ്മാനദാന ചടങ്ങ് ഉദ്ഘാടനം

ചെയ്ത് സംസാരിക്കുന്നു

# ബാനർ



Har Ghar Jal
Jal Jeevan Mission
ജൽ ജീവൻ മിഷൻ
ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം
SCHOOL COMPETITIONS
• ക്വിസ് • ഉപന്യാസ രചന • കഥ-കവിതാ രചന
• ചിത്രരചന • കാർട്ടൂൺ
ഉദ്ഘാടനം: ശ്രീ. പി.മുരളി ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്
ജലനിധി
EDS

# ഉപസംഹാരം

ജൽ ജീവൻ മിഷനെപ്പറ്റിയും അതിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളെപ്പറ്റിയും ഒപ്പം ഇതിന്റെ നിർവ്വഹണ ഏജൻസിയുടെയും നിർവ്വഹണസഹായ ഏജൻസിയുടെയും പങ്കിനെപ്പറ്റിയും സ്കൂൾ കുട്ടികൾക്ക് മനസ്സിലാക്കാൻ ഇത്തരം പരിപാടികളാൽ സാധിച്ചു. ജലസാക്ഷരത പൂർത്തിയാക്കുന്നതിനും കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരം പരിപാടികൾ സഹായകരം ആകുന്നു.

കുട്ടികൾ നാളത്തെ തലമുറയാണ്, അവരാണ് നാളയുടെ സമൂഹത്തെ നേർവഴിയ്ക്ക് നയിക്കാനുള്ളത്. ശുദ്ധജലം മിതമായ രീതിയിൽ ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികൾ മനസിലാക്കുകയും അവരുടെ സർഗാത്മക സൃഷ്ടികളിലൂടെ ജലവുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും മനസ്സിലാക്കികൊടുക്കാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു. അവരുടെ കലാവാസന പരിപോഷിപ്പിക്കുന്നതും അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകി ഭാവി തലമുറയെ എല്ലാവിധ കലാമൂല്യങ്ങൾ ഉള്ളവരാക്കി തീർക്കുക എന്നതും അത്യാവശ്യ തന്നെയാണ്. ഐ.ഇ.സി പ്രവർത്തനങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി, പദ്ധതിയുടെ ഫലപ്രാപ്തി മുഴുവൻ മേഖലകളിലും എത്തിക്കാൻ സാധിക്കും.